(ഡി) കൺസൾട്ടൻസി ഓഫറുകൾ ക്ഷണിക്കുന്നതിന് മുന്നോടിയായി ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ആഗോളാടിസ്ഥാനത്തിൽ ഓഫറുകൾ ക്ഷണിച്ചിരുന്നു.

(ഇ) താഴെ പറയുന്ന 4 കമ്പനികൾ ആണ് ടെക്നിക്കൽ ആന്റ് ഫിനാൻഷ്യൽ ബിഡുകൾ സമർപ്പിച്ചത്.

1. മോണ്ട് ഗോമറി വാട്ടസൺ, യു.കെ.
2. മോട്ട് മാക് ഡെനാൾഡ്. യു.കെ.
3. ലാമെയർ ഇന്റർനാഷണൽ, ജർമ്മനി.
4. പസഫിക് കൺസൾട്ടൻസ് ഇന്റർനാഷണൽ, ജപ്പാൻ.

(എഫ്) മേൽപ്പറഞ്ഞ നാലു കമ്പനികളിൽ ഒന്നിനെയും ഒഴിവാക്കിയിട്ടില്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ടെൻഡർ ഉറപ്പിച്ചു നൽകിയിട്ടില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) ആന്റ് (കെ) ഫിനാൻഷ്യൽ ബിഡ് ഇവാല്യൂവേറ്റ് ചെയ്ത് തെര ഞ്ഞെടുക്കുന്ന കമ്പനിയുമായി ഉണ്ടാക്കുന്ന കരാർ അംഗീകരിക്കപ്പെടുന്ന വ്യവസ്ഥകൾ എല്ലാം ഉൾക്കൊള്ളിക്കുകയാണ്.

(എൽ) ഓഫറുകൾ ക്ഷണിച്ചപ്പോൾതന്നെ വിവിധ തരക്കാർക്ക് ആവ ശ്യമായ സാങ്കേതിക യോഗ്യത പ്രതിപാദിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ടെക്നി ക്കൽ ബിഡുകൾ ഇവാല്യൂവേറ്റ് ചെയ്തത്.

(എം) ടെൻഡർ ഇവാല്യൂവേഷൻ പൂർത്തിയാക്കി കരാർ നൽകിയ ശേഷം ഇതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(എൻ) പദ്ധതിയുടെ കൺസൾട്ടന്റിനെ നിയമിക്കുവാൻ വേണ്ടി തയ്യാ റാക്കിയ ഷോർട്ട് ലിസ്റ്റിന്റെ അംഗീകാരം സംബന്ധിച്ച് ചില തടസ്സങ്ങൾ നില വിലുണ്ടായിരുന്നു. അതിനാൽ പദ്ധതി തുടങ്ങാൻ 2 വർഷത്തിലേറെ കാലതാ മസം നേരിട്ടു. ഇപ്പോൾ അതെല്ലാം പരിഹരിച്ച് കൺസൾട്ടന്റിന്റെ നിയമനം എത്രയുംവേഗം നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

തുമ്പമൺ താഴം ഭാഗത്ത് തീരസംരക്ഷണത്തിന് നടപടി

32 (3431)<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ നദിയിൽ തുമ്പമൺ താഴം ഭാഗത്ത് തീരസംര ക്ഷണത്തിനുവേണ്ടി ആറ്റുതിട്ട കെട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരി ക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) തുമ്പമൺ താഴംഭാഗത്ത് നദീതീരം സംരക്ഷിക്കുന്നതിന് ആവ ശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അച്ചൻ കോവിലാറിൽ തുമ്പമൺ അമ്പലക്കടവിന് താഴ്ഭാഗത്ത് തീരസംരക്ഷണത്തിനുവേണ്ടി ഒരു കോടി നാല്പത്തിയൊന്ന് ലക്ഷം രൂപയുടെ ഒരു പ്രോജക്ട്, വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായുള്ള കേന്ദ്ര പദ്ധതിയിൽപ്പെടുത്തി അനുമതി നൽകുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രവൃത്തിയ്ക്ക് വേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുമതിക്കായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിയ്ക്കുന്ന മുറയ്ക്ക് പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പൈപ്പിന്റെ സ്റ്റോക്ക്

33 (3432)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ ഇനത്തിലുള്ള എത്ര പൈപ്പുകൾ സ്റ്റോക്കുണ്ടായിരുന്നു;

(ബി) ഇതിന് എന്തുതുക വില വരും;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനത്തിലുള്ള എത്ര പൈപ്പുകൾ വീതം വാങ്ങിയിട്ടുണ്ട്;

(ഡി) പൈപ്പുകൾ വാങ്ങുന്നതിന് കമ്മീഷൻ ക്ഷണിച്ചിരുന്നുവോ;

(ഇ) ആരിൽ നിന്നെല്ലാമാണ് പൈപ്പുകൾ വാങ്ങിയിരുന്നത്;

(എഫ്) ഈ കാലയളവിൽ പൈപ്പുകൾ വാങ്ങുന്നതിന് എന്തു തുക ചെലവു വന്നു;

(ജി) ഈ കാലയളവിൽ പുതുതായി എത്ര കിലോമീറ്റർ ദൂരത്തിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു.

പി.വി.സി.	1813322.14 മീറ്റർ
സി.ഐ.	124347.28 മീറ്റർ
എ.സി.	284363.90 മീറ്റർ
ജി.ഐ.	372060.09 മീറ്റർ
ആർ.സി.സി.	400 .00 മീറ്റർ
എസ്.ഡബ്ല്യൂ	5527.80 മീറ്റർ
ഡി.ഐ.	1994.50 മീറ്റർ
എച്ച്.ഡി.പി.ഇ.	12464.50 മീറ്റർ

LIBRARY ARCHIVES Kerala Legislative Assembly